(ബി) ഇവയിൽ എത്ര പേരെകണ്ടെത്തി : വിശദാംശങ്ങൾ ഓരോ പോലീസ് സ്റ്റേഷൻ സഹിതം വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

നിരത്തിൽ സ്കൂൾ വിദ്യാർത്ഥികളുടെ തിരക്കുള്ള സമയത്ത് വാഹനങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി

26 (4632) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സ്കൂൾ-കോളേജ് കുട്ടികൾ, നിരത്തുകളിൽ കൂടുതലായി എത്തുന്ന സമയങ്ങളിൽ, ഗതാഗത നിയന്ത്രണം കൂടുതൽ മെച്ചപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) മണ്ണ്, മണൽ, കല്ല്, ഇഷ്ടിക തുടങ്ങിയവ കയറ്റിപ്പോകുന്ന വാഹനങ്ങളുടെ, പ്രത്യേകിച്ച്, ടിപ്പർ ലോറികളുടെ വേഗത നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്കൂൾ കുട്ടികളുടെ ട്രാഫിക് സുരക്ഷ ഉറപ്പാക്കുന്നതിനായി എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും/കമ്മീഷണർമാർക്കും താഴെ പറയുന്ന രീതിയിൽ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

1. സ്കൂളുകളുടെ മുൻപിൽ വേഗപരിധി ബോർഡുകൾ സ്ഥാപിക്കുക.
2. ഇടത് വശത്തുകൂടിയും അശ്രദ്ധമായും ഓവർടേക്ക് ചെയ്യുന്ന വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുക.
3. ഓട്ടോറിക്ഷയിലും കാറിലും അനുവദനീയമായതിലും കൂടുതൽ കുട്ടികൾ യാത്ര ചെയ്യുന്നത് അനുവദിക്കാതിരിക്കുക.
4. സീബ്രാ ക്രോസ്സിംഗിൽ കുട്ടികൾക്ക് റോഡ് മുറിച്ച് കടക്കാനുള്ള സൗകര്യം ചെയ്തു കൊടുക്കുക.
5. കഴിയുന്നതും ബസ്ബേകളിൽ ബസ് നിർത്തുക.

(ബി) ടിപ്പർ ലോറി മൂഖേന ഉണ്ടാകുന്ന അപകട നിയന്ത്രണത്തിനായി താഴെ പറയുന്ന രീതിയിൽ നിർദ്ദേശം എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും/കമ്മീഷണർമാർക്കും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. ടിപ്പർ ലോറി ഓടിക്കുന്നതിന് സമയ നിയന്ത്രണം ഇതുവരെ നടപ്പിലാക്കിയിട്ടില്ലാത്ത ജില്ലകളിൽ അതാത് ജില്ലാ കളക്ടറുമായി കൂടിയാലോചിച്ച് രാവിലെ 8 മുതൽ 10 വരെയും വൈകിട്ട് 3 മുതൽ 5 വരെയുമുള്ള സമയങ്ങളിൽ ടിപ്പർ ലോറി ഓടിക്കുന്നത് കർശനമായി നിരോധിക്കുക.

2. സ്പീഡ് ഗവർണർ കാര്യക്ഷമമായി പ്രവർത്തിക്കാത്തതും ഫിറ്റ് ചെയ്യാത്തതുമായ ടിപ്പർ ലോറികളെ കർശനമായും ഓടാൻ അനുവദിക്കാതിരിക്കുക.

3. എല്ലാ ടിപ്പർ ലോറികളേയും ഇത്തരം പരിശോധനയ്ക്ക് വിധേയമാക്കുക.

4. ഒന്നിലധികം പ്രാവശ്യം അപകടങ്ങൾക്ക് കാരണമായിട്ടുള്ള ടിപ്പർ ലോറികൾക്കും/ഡ്രൈവർമാർക്കുമെതിരെ ലൈസൻസ് റദ്ദാക്കൽ/സസ്പെൻഷൻ എന്നിവ ചെയ്യാനുള്ള നടപടികൾ കൈക്കൊള്ളുക.

5. വേഗപരിധി ലംഘിച്ചും അപകടകരമായും അശ്രദ്ധമായും ടിപ്പർ ലോറികൾ ഓടിക്കുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുക.

6. ടിപ്പർ ലോറിയിൽ പണിയെടുക്കുന്ന ആളുകൾ ഏതെങ്കിലും ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളവരാണോ എന്നു പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കുക.

ബധിര വിദ്യാർത്ഥിനിയുടെ സംശയാസ്പദമായ മരണം

27 (4633) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം വൊക്കേഷണൽ ഹയർ സെക്കൻഡറി സ്ക്കൂളിലെ +2 വിദ്യാർത്ഥിനിയും ബധിരയുമായ കുമ്പാറ പുഷ്പഗിരി കണ്ണൻതറപ്പിൽ വീട്ടിൽ ചാക്കോയുടെ മകൾ ജ്യോതിയെ 15-6-2010-ന് മരിച്ച നിലയിൽ കണ്ടെത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ, മരണത്തിൽ സംശയമുണ്ടെന്നും, ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാവശ്യപ്പെട്ട് രക്ഷിതാവ് നൽകിയ പരാതിയിൽ പോലീസ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) കേസ് ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ഡി) സംഭവത്തെക്കുറിച്ച് പ്രത്യേകാന്വേഷണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly